## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 381** **06.02.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി ബോർഡ് കമ്പനിവത്ക്കരിക്കുന്ന നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനി ആക്കുന്നതുകൊണ്ട് സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്കോ, വൈദ്യുതി ബോർഡ് ജീവനക്കാർക്കോ ലഭിക്കുന്ന നേട്ടങ്ങൾ എന്താണ് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) കമ്പനിവത്ക്കരണംമൂലം വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന നേട്ടം എന്താണ് എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | 2003-ലെ വൈദ്യുതി നിയമത്തിലെ 131 മുതൽ 134 വരെയുള്ള വകുപ്പുകളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡുകളെ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം പൂർണ്ണമായും കേരളത്തിലെ ജനങ്ങളിലുമെത്തിക്കാൻ 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾ കേരള സംസ്ഥാനവും പാലിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം വൈദ്യുതി മേഖലയുടെ വികസനത്തിനും അതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനമെത്തിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. |

സെക്ഷൻ ഓഫീസർ.